(Pages : 4) **S – 5863**

**Reg. No. : .............................**

**Name : .................................**

## Fourth Semester B.A. Degree Examination, November 2023

## First Degree Programme under CBCSS

## Double Main Programme

## English and Malayalam Literatures

## Core Course VIII:

## EML 1442 : മലയാള ഭാഷാ - സാഹിത്യ ചരിത്രം - 2

## (2020 Admission onwards)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാള കവിതയുടെ കാല്പനികവസന്തമെന്നു വിശേഷിപ്പിക്കപ്പെടുന്ന കവികൾ ആരൊക്കെ?

2. ലക്ഷണയുക്തമായ ആദ്യത്തെ മലയാള മഹാ കാവ്യമേത്?

3. മളയാള നോവലിലെ റിയലിസത്തിന്റെ പ്രോദ്ഘാടകനാര്?

4. വാസനാവികൃതി പ്രസിദ്ധീകൃതമായ വർഷമേത്?

5. കുമാരനാശാന്റെ നളിനി എന്ന കൃതിയുടെ അവതാരികാകാരൻ ആര്?

6. മലയാളത്തിലെ ആദ്യ നിഘണ്ടുവേത്?

7. മലയാള കവിതാസാഹിത്യ ചരിത്രം രചിച്ചതാര്?

8. ബി. കല്യാണിയമ്മയുടെ ആത്മകഥയുടെ പേരെന്ത്?

P.T.O.

9. മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിച്ച വർഷമേത്?

10. നല്ല ഭാഷ രചിച്ചതാര്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. രാജരാജവർമ്മ പ്രസ്ഥാനമെന്നാലെന്ത്?

12. മുക്തകങ്ങൾ എന്നാലെന്ത്?

13. നാടകീയസൗന്ദര്യം തികഞ്ഞ ഭാവാത്മകഖണ്ഡകൃതിയാണ് വള്ളത്തോളിന്റെ ശിഷ്യനും മകനും - ചർച്ച ചെയ്യുക.

14. കുന്ദലതയ്ക്ക് മലയാള നോവൽ സാഹിത്യത്തിലുള്ള സ്ഥാനമെന്ത്?

15. സി.പി. അച്യുതമേനോന്റെ വിമർശനത്തിന്റെ പ്രത്യേകതകൾ വിലയിരുത്തുക.

16. ഹോർത്തുസ് മലബാറിക്കൂസ് - കുറിപ്പെഴുതുക.

17. കുമാരനാശാന്റെ ഏറ്റവും ശ്രേഷ്ഠവും ആത്മാർത്ഥവുമായ കൃതി ചണ്ഡാലഭിക്ഷുകിയാണെന്ന് കേസരി അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനമെന്ത്?

18. കാല്പനികാവരണത്തിനുള്ളിൽ സാമൂഹിക യാഥാർത്ഥ്യങ്ങളുടെ ചിത്രമാണ് എസ്.കെ. പൊറ്റക്കാടിന്റെ കഥകളിൽ പ്രതിഫലിച്ചത്. സമർത്ഥിക്കുക.

19. മലയാളത്തിലെ സ്ത്രീപക്ഷ സാഹിത്യത്തിന്റെ ചരിത്രത്തിൽ 'അഗ്നിസാക്ഷി'ക്കു നിർണ്ണായകമായ സ്ഥാനമുണ്ട് - വിലയിരുത്തുക.

20. വൈക്കം പാച്ചുമൂത്തതിന്റെ ആത്മകഥയുടെ പ്രസക്തിയെന്ത്?

21. വിമർശനകലയായി വിമർശനം മാറിയത് കെ.പി. അപ്പനിലൂടെയാണ് - വിശദമാക്കുക.

22. എം.എൻ. വിജയന്റെ വിമർശനപദ്ധതിയുടെ സവിശേഷതയെന്ത്?

**(8 × 2 = 16 Marks)**

III. **ഒരു** പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. വെണ്മണി പ്രസ്ഥാനത്തെ കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.

24. വി.സി. ശ്രീജൻ സ്വീകരിച്ച വിമർശനനിലപാടുകളെ വിലയിരുത്തുക.

25. കിളിപ്പാട്ടു പ്രസ്ഥാനത്തെ കുറിച്ച് ഒരു ലഘു വിവരണം തയ്യാറാക്കുക.

26. ആധുനിക നോവലിന്റെ പ്രമേയപരമായ സവിശേഷതകൾ വിവരിക്കുക.

27. കേരളവർമ്മ പ്രസ്ഥാനത്തിന്റെ പിന്തുടർച്ചാവകാശിയായ കവിയാണ് ഉള്ളൂർ ഈ നിരീക്ഷണത്തിന്റെ സാംഗത്യം ചർച്ച ചെയ്യുക.

28. മലയാളത്തിന്റെ ശ്രേഷ്ഠഭാഷാപദവിക്ക് നിദാനമായ ലിഖിതമേത്?

29. സാഹിത്യം തന്നെ സാഹിത്യത്തിനു വിഷയമായിത്തീരുന്ന ആദ്യ നോവലാണ് പറങ്ങോടീ പരിണയം. വിലയിരുത്തുക.

30. കൃഷ്ണഗാഥയുടെ ഭാഷാസ്വഭാവമെന്ത്?

31. മലയാളത്തിലെ ഉത്തരാധുനിക കവിതകളുടെ സവിശേഷതകൾ ക്രോഡീകരിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. നോവലിനെക്കാൾ വളർച്ച പ്രാപിച്ച ഒരു സാഹിത്യ ശാഖയാണ് ചെറുകഥ - വിലയിരുത്തുക.

33. ആത്മകഥ വിജ്ഞാനസാഹിത്യമാകുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

34. ഭരണഭാഷ മലയാളമായി നിലകൊള്ളേണ്ടതിന്റെ ആവശ്യമെന്ത്? അത് നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം? ചർച്ച ചെയ്യുക.

35. ജീവിതമൂല്യങ്ങളിലും ധർമ്മാധർമ്മങ്ങളിലും ഊന്നൽ നല്കുന്ന വിമർശനരീതിയാണ് മാരാർ, മുണ്ടശ്ശേരി, പോൾ എന്നിവർ സ്വീകരിച്ചിരുന്നത് സമർത്ഥിക്കുക.

**(2 × 15 = 30 Marks)**